"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ആശുപത്രി കെട്ടിടം ഉയർത്തി അടിത്തറ ബലപ്പെടുത്തുന്നത്-അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്

---

സ.ഉ.(സാധാ) നം.72/2019/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം, 14/01/2019

---

പരാമർശം:- 1 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18/06/2018 ലെ നം.ഡിബി2-12084/2016/സിഇ/തസ്വഭവ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16/10/2018 തീയതിയിൽ കൂടിയ യോഗത്തിന്റെ 4.27 നമ്പർ തീരുമാനം

ഉത്തരവ്

ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ആശുപത്രി കെട്ടിടം 11 വർഷമായി വെള്ളപ്പൊക്കം മൂലം ഭൂമി നിരപ്പിൽ നിന്നും താഴെയാണെന്നും ഇത് പൊളിച്ചു മാറ്റി പുതിയതു പണിയുന്നതിനു പകരം കെട്ടിടം ഉയർത്തുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിടം ഉയർത്തി അടിത്തറ ബലപ്പെടുത്തുന്നതിനായി വിദഗ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിദഗ്ധരുമായി ചർച്ച ചെയ്ത് പരാമർശം (1) പ്രകാരം നൽകിയ റിപ്പോർട്ടിൽ ആശുപത്രി ഈ രീതിയിൽ ബലപ്പെടുത്തുന്നതിന് 7.55 ലക്ഷം രൂപയും ഇതേ വിസ്തീർണ്ണമുള്ള പുതിയ കെട്ടിടം പണിയുന്നതിന് 15.50 ലക്ഷം രൂപയാകുമെന്നും ആയതിനാൽ പരീക്ഷണാർത്ഥം ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാമെന്നും ശുപാർശ ചെയ്തിരുന്നു.

2. 16/10/2018ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2) തീരുമാനപ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ആശുപത്രി കെട്ടിടം കെട്ടിടം ഉയർത്തുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് ഉയർത്തി അടിത്തറ ബലപ്പെടുത്തുന്നതിനായി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. ഇത് പ്രത്യേകമായി മോണിറ്റർ ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

സെക്രട്ടറി/പ്രസിഡണ്ട്, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്, ഡിബി2/298/2018

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ